പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2693 10.07.2015-ലെ മറുപടിക്ക്

പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.പാലോട് രവി: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ച് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക, കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുക, ഈ മേഖലയിൽ നിലവിലുള്ള കർഷകർക്ക് ലാഭകരമായ ക്ഷീരോല്പാദനത്തിന് പ്രചോദനം നല്കുക എന്നിവയാണ് പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങൾ.<br>മിൽമയുടെ മേഖലാ യൂണിയനുകൾ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവണ്മെന്റ്-കളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ, അവരുടെ ആവശ്യകതയ്ക്ക് അധികം വരുന്ന അളവിന്, സ്ഥിരമായ വിപണി കണ്ടെത്തുകയും ന്യായവില ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് മിൽമയുടെ ലക്ഷ്യം. പാലിന്റെ ഉല്പാദനം, ഗുണനിലവാരം, വിപണനം എന്നിവ വർദ്ധിപ്പി-ക്കുക, കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോല്പാ-ദക മേഖലകളിൽ കർഷകരെ നിലനിർത്തുകയും സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br>മിൽമ പാലിന് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊ-ള്ളുന്നതിലൂടെ പാലുല്പാദന വർദ്ധനവ് കൈവരിക്കുവാൻ ക്ഷീരകർഷകരെ സഹായി-ക്കുന്നു. |

കൂടാതെ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയും നല്ലുന്നുണ്ട്. ഈ വർഷം ഈയിനത്തിൽ ഏകദേശം 10 കോടി രൂപയോളം നല്ലിയിട്ടുണ്ട്.

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ;

(ബി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ച് ക്ഷീരവികസന വകുപ്പ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി എന്നിവ മുഖേന ക്ഷീരകർഷകർക്ക് ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, ഡെയറി ഫാം ആധുനികവൽക്കരണത്തിനും നവീകരണത്തിനും, കറവയന്ത്രം വാങ്ങുന്നതിനും, തീറ്റപ്പുൽക്കൃഷി നടപ്പിലാക്കുന്നതിനും ധനസഹായം നല്ലുന്നു. കൂടാതെ, ക്ഷീരകർഷകർ ക്ഷീരസംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 1 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നല്ലുന്നു. 2014-2015 വർഷം 10 കോടി രൂപ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ നല്ലിയിട്ടുണ്ട്. പദ്ധതികളിലൂടെ കൂടുതൽ കർഷകരെ ഈ മേഖലയിൽ തുടരുന്നതിന് സഹായിക്കുന്നു. ഗ്രാമീണതലത്തിൽ പാൽ സംഭരണവും വിതരണവും ശക്തമാക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ-വികസനത്തിനുള്ള പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ, പാലുല്പാദന-ത്തിൽ അനുകൂല സാഹചര്യമുള്ള ചില ജില്ലകളിൽ ക്ഷീരഗ്രാമം, സമഗ്രക്ഷീരവികസന പദ്ധതി എന്നിവ നടപ്പിലാക്കുന്നതിലൂടെ പ്രസ്തുത ജില്ലകളിലെ പാലുല്പാദനം വർദ്ധിപ്പിക്കു-ന്നതിനുള്ള നടപടി വകുപ്പ് 2014-2015 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ മിനിഡയറി പദ്ധതി, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, പാലുല്പാദനം വർദ്ധിപ്പി-ക്കുന്നതിനുള്ള ക്യാമ്പുകൾ, കർഷകർക്കും കറവക്കാർക്കും സൊസൈറ്റി സ്റ്റാഫുകൾക്കുമുള്ള ട്രെയിനിംഗ്, ഉല്പാദന വർദ്ധനവിനും കാലികളുടെ ആരോഗ്യസംരക്ഷണത്തിനും വേണ്ട വിരമരുന്നും മറ്റു ഉല്പന്നങ്ങളും നല്ലുക എന്നീ പദ്ധതികളും എറണാകുളം മേഖലാ യൂണിയൻ, കാലിത്തീറ്റ ഇൻസെന്റീവ്, ഫാമുകൾക്ക്

ട്രാൻസ്പോർട്ടേഷൻ സബ്സിഡി, വയ്ക്കോൽ വാങ്ങുന്നതിന് സബ്സിഡി, റബ്ബർ മാറ്റ് വാങ്ങുന്നതിന് സബ്സിഡി, പ്രഷർ വാഷർ വാങ്ങുന്നതിന് സബ്സിഡി എന്നീ പദ്ധതികളും മലബാർ മേഖലാ യൂണിയൻ ഉല്പാദനച്ചെലവ് കുറച്ച് കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്നതിനും, പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ ഉപാധികൾ കർഷകരിലേയ്ക്ക് എത്തിച്ചു നല്കുന്നതിലൂടെ കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും യൂണിയന്റെ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനുമായി സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റ വിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമ-ബീജധാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം എന്നിവയും നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?. | (സി) | ക്ഷീരവികസന വകുപ്പിനായി 2015-2016 ൽ ബഡ്ജറ്റിൽ മേൽ പദ്ധതികൾക്ക് അനുവദിച്ച് ലഭിച്ച തുകകൾക്കുള്ള പദ്ധതി തയ്യാറാക്കി അംഗീകാരം നല്കുകയും ആയതുപ്രകാരമുള്ള പദ്ധതികളുടെ ടാർജറ്റും, ഫണ്ടും ജില്ലാ ഓഫീസുകൾക്ക് നല്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ സ്വന്തം ഫണ്ടുപയോഗിച്ചു ചെയ്യേണ്ട പദ്ധതികൾക്ക് യൂണിയനുകളുടെ ബഡ്ജറ്റുകളിൽ തുക വകയിരുത്തി ചെലവഴിക്കുന്നുണ്ട്. കേന്ദ്ര/ സംസ്ഥാന ഗവണ്മെന്റുകളുടെ സഹായത്തോടു കൂടി ചെയ്യുന്ന പദ്ധതികൾ അനുമതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ